"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് - കേരള മീഡിയ അക്കാദമിയുടെ കൊച്ചിയിലെ കാക്കനാട്ടുള്ള ക്യാമ്പസിൽ കിഫ്ബി ഫണ്ടിംഗ് മുഖേന പുതിയ ആസ്ഥാന മന്ദിരം നിർമ്മിക്കൽ - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.18/2026/I&PRD തീയതി,തിരുവനന്തപുരം, 05-02-2026

പരാമർശം:- കേരള മീഡിയ അക്കാദമി സെക്രട്ടറിയുടെ 17.07.2025 തീയതിയിലെ 101/ഇ/2023/കെ.എം.എ നമ്പർ കത്ത്

**ഉത്തരവ്**

കേരള സർക്കാരിന് കീഴിലുള്ള മാധ്യമ പഠന ഗവേഷണ സ്ഥാപനമായ കേരള മീഡിയ അക്കാദമി, 1979-ൽ കേരള പ്രസ് അക്കാദമി എന്ന പേരിലാണ് ആരംഭിച്ചിട്ടുള്ളത്. ടി സ്ഥാപനം സർക്കാരിന്റെയും കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേണലിസ്റ്റ് ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി എന്നിവരുടെ സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്. മാധ്യമ പ്രവർത്തക സംഘടനയുടെയും മാധ്യമ ഉടമകളുടെയും സർക്കാരിന്റെയും പ്രതിനിധികൾ അടങ്ങിയതാണ് അക്കാദമി ഭരണ സമിതി. കഴിഞ്ഞ 45 വർഷമായി മാധ്യമ മേഖലയിൽ പ്രൊഫഷണലിസവും മികവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചുമതല അക്കാദമി വിജയകരമായി നടപ്പിലാക്കി വരുന്നു. പുതുതലമുറ മാധ്യമ പ്രവർത്തകരെ വാർത്തെടുക്കുന്നതിനുള്ള അടിത്തറയും ജനസമൂഹത്തിൽ മാധ്യമ സാക്ഷരത വളർത്തുക എന്ന കടമയും നിർവ്വഹിച്ചു വരുന്നു.

2) മെട്രോ റെയിലിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ ഭാഗമായി പാത നിർമ്മിക്കുന്നത് കാക്കനാട് സിഗ്നൽ ജംങ്ഷന് സമീപമുള്ള അക്കാദമിയുടെ ആസ്ഥാന മന്ദിരവും, ക്യാമ്പസും അടങ്ങുന്ന ഏകദേശം 3 ഏക്കർ 20 സെൻറ് ഭൂമിയിലൂടെയാണെന്നും അക്കാദമിയുടെ 45 സെന്റ് സ്ഥലവും 30000-ത്തോളം ചതുരശ്ര അടി വരുന്ന അക്കാദമി കെട്ടിടത്തിന്റെ 50%-വും മെട്രോ നിർമ്മാണത്തിന്റെ പരിധിയിൽ വരുമെന്നും പുതിയ അലൈൻമെന്റ് പ്രകാരം 5 മെട്രോ പില്ലറുകൾ അക്കാദമിയുടെ ഭൂമിയിൽ വരുന്നതിനാലും റെയിൽ വയഡക്റ്റ് നിർമ്മാണം കെട്ടിടത്തിനു മുകളിലൂടെ പോകുന്നതിനാലും അക്കാദമി കെട്ടിടത്തിന്റെ 50% നഷ്ടപ്പെടുന്നതിനാലും പഴയ കെട്ടിടം പൂർണമായും ഉപയോഗശൂന്യമാകുമെന്നും കൂടാതെ റോഡ് വികസനത്തോടനുബന്ധിച്ച് അക്കാദമിയുടെ കിഴക്ക് ഭാഗത്ത് 30 സെന്റോളം സ്ഥലവും നഷ്ടപ്പെടുന്നും

പരാമർശത്തിലെ കത്ത് മുഖേന മീഡിയ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ പ്രകാരം കെട്ടിടം ഉപയോഗശൂന്യമാകുന്നതിനാൽ അക്കാദമിയുടെ പുതിയ ആസ്ഥാന മന്ദിര നിർമ്മാണത്തിനുള്ള അനുമതിക്കും ഫണ്ട് ലഭ്യമാക്കുന്നതിനും അഭ്യർത്ഥിക്കുകയും വിശദമായ പ്രപ്പോസൽ പരാമർശ കത്ത് പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അക്കാദമിക്ക് പുതിയ ആസ്ഥാന മന്ദിരത്തിനായി രണ്ട് ബേസ്മെന്റ്, ഗ്രൗണ്ട്, ഫസ്റ്റ് & സെക്കന്റ് ഫ്ലോറുകൾ ടെറസ് എന്നിവ ഉൾപ്പെടെ മൊത്തം 90610 ചതുരശ്ര അടി വിസ്തീർണ്ണവും 31.56 കോടി രൂപ(ജി.എസ്.റ്റി. ഉൾപ്പെടെ) ചെലവ് വരുന്ന കെട്ടിടത്തിന്റെ വിശദമായ രൂപരേഖ 'ഹാബിറ്റാറ്റ് ' തയ്യാറാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി മെട്രോ റെയിൽ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള മീഡിയ അക്കാദമിയുടെ നിലവിലുള്ള കെട്ടിടം ഉപയോഗശൂന്യമാകുന്നതിനാൽ കേരള മീഡിയ അക്കാദമിക്കായി പുതിയ ആസ്ഥാന മന്ദിരം കൊച്ചി കാക്കനാട്ടുള്ള ക്യാമ്പസിൽ 31.56 കോടി രൂപ ചെലവിൽ കിഫ്ബിയിൽ നിന്നും തുക വിനിയോഗിച്ച് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി, കേരളം 682030
കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB), രണ്ടാം നില, ഫെലിസിറ്റി സ്ക്വയർ, എം.ജി. റോഡ്, സ്റ്റാച്യു, തിരുവനന്തപുരം - 695001
പൊതുഭരണ(എസ്.സി) വകുപ്പ് (............................)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് (ഏ & ഇ, ആഡിറ്റ്), കേരള തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 05-02-2026 17:05:21
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎയ്ക്ക്
വകുപ്പ് ഡയറക്ടറുടെ സിഎയ്ക്ക്